LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) എറണാകുളം ജില്ലയിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി സർക്കാർ അനുവദിച്ചിരുന്ന 3,50,00,000 രൂപയിൽ നീക്കിയിരിപ്പായി ഉണ്ടായിരുന്ന 64,98,772 രൂപ തിരികെ തഹസീൽദാരുടെ ടി.എസ്.ബി. അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടിയാണ് പൊതുമരാത്ത് (സി) വകുപ്പിൽ സി2/138/2020-PWD എന്ന ഫയൽ ആരംഭിച്ചത്. ടി ഫയൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ പുതിയ സാമ്പത്തിക വർഷത്തിൽ ഫയൽ വീണ്ടും സമർപ്പിക്കുക എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഫയൽ തിരികെ നൽകിയിരുന്നു. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക വർഷത്തിൽ (2021-2022) ടി ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിലെ നടപടിക്രമം പൂർത്തിയായാലുടൻ സർക്കാർ തിരികെയെടുത്ത ഉക സ്പെഷ്യൽ തഹസീൽദാരുടെ ടി.എസ്.ബി അക്കൗണ്ടിൽ തിരികെ ലഭ്യമാകുന്നതാണ്.

ആലത്തൂർ മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ

88 (837) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച എസ്.എൽ.ടി.എഫ്. (സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്) പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

മലപ്പുറം ഫ്ലൈ ഓവർ പദ്ധതി

89 (838) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫ്ലൈ ഓവർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ - കിഴക്കേത്തല ഫ്ലൈ ഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-7-2017-ലെ ജി.ഒ.924/2017/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ആർ.ബി.ഡി.സി.കെ.) എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം കിഫ്ബി 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. പദ്ധതി കേന്ദ്ര ഉപരിതല വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എൻ.ഒ.സി. ലഭിക്കുന്നമുറയ്ക്ക് പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

പാലക്കാട് കേന്ദ്ര ഉപരിതല വകുപ്പ് പ്രോജക്ട് ഡയറക്ടറോട് പ്രസ്തുത പദ്ധതിക്ക് എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് ആർ.ബി.ഡി.സി.കെ. അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

(സി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി ഫൈൽ ഓവർ പദ്ധതി ഉടൻ യാഥാർത്ഥ്യമാക്കുമോ?

കേന്ദ്ര ഉപരിതല വകുപ്പിൽനിന്ന് എൻ.ഒ.സി. ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്ന നടപടികൾ ആരംഭിക്കുന്നതും ആയത് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

90 (839) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മലയോര ഹൈവേ പ്രവൃത്തികൾ നിർമ്മാണഘട്ടത്തിലാണ്. പുരോഗതിയുടെ വിശദാംശം ഇതിനോടൊപ്പം (അനുബന്ധം I) ഉൾക്കൊള്ളിച്ചിരിക്കുന്നു *.

(ബി) ഹൈവേ കടന്ന് പോകുന്ന വനമേഖലയിൽ വനം വകുപ്പുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി മന്ത്രിതലത്തിൽ ചർച്ചകൾ നടത്തി പരിഹാരം കാണുമോ ?

മന്ത്രിതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. വനംവകുപ്പുമായി ചേർന്നിട്ടുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) പ്രസ്തുത ഹൈവേയ്ക്ക് ആകെ എത്ര റീച്ചുകളാണുള്ളത്; അതിൽ എത്രയെണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly